# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# നടത്തറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2023-2024


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**തൃശ്ശൂർ - 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**

**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി9) 1627/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 01/01/2025
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നടത്തറ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി9) 1627/2024 തീയ്യതി: 01/01/2025

## തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2023 മുതൽ 16-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 18-11-2024 | 23-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-11-2024 | 23-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

മീര ടി., (ഓഡിറ്റ് ഓഫീസർ)
ജോയ്സൻ സി.ജെ., (സീനിയർ ഗ്രേഡ് ഓഡിറ്റർ)
രഞ്ജിത്ത് ആർ., (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ലക്ഷ്മിപ്രിയ പി.ഒ., (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീവിദ്യ രാജേഷ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| പ്രദീപ് കെ. | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സീന കെ.പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| സുഷമ സി.വി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 19-02-2024 |
| സ്മൃതി വാസുദേവൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 20-02-2024 | 31-03-2024 |
| ഡോ. സിൻസി പവിത്രൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 31-03-2024 |
| ഡോ. ജയ ടി.എം. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 31-03-2024 |
| ഡോ. ശാലിനി പി.എസ്. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2023 | 31-03-2024 |
| ഡോ. ബിന്ദു ബാലകൃഷ്ണൻ | വെറ്ററിനറി സർജ്ജൻ | 01-04-2023 | 31-03-2024 |
| ജൂലി ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2023 | 08-11-2023 |
| സിനീഷ് എം.എസ്. | കൃഷി ഓഫീസർ | 09-11-2023 | 31-03-2024 |
| റഹീന പി.എ. | വി ഇ ഒ (മൂർക്കനിക്കര സർക്കിൾ) | 01-04-2023 | 12-07-2023 |
| സജിത്ത് തോമസ് ഇടക്കളത്തൂർ | വി ഇ ഒ (മൂർക്കനിക്കര സർക്കിൾ, ഇൻ-ചാർജ്ജ്) | 13-07-2023 | 01-08-2023 |
| ജിനു എസ്. | വി ഇ ഒ (മൂർക്കനിക്കര സർക്കിൾ) | 02-08-2023 | 20-01-2024 |
| ഷൈജ എം.വി. | വി ഇ ഒ (മൂർക്കനിക്കര സർക്കിൾ, ഇൻ-ചാർജ്ജ്) | 21-01-2024 | 31-03-2024 |
| സജിത്ത് തോമസ് ഇടക്കളത്തൂർ | വി ഇ ഒ (നടത്തറ സർക്കിൾ) | 01-04-2023 | 25-09-2023 |
| ജിനു എസ്. | വി ഇ ഒ (നടത്തറ സർക്കിൾ, ഇൻ-ചാർജ്ജ്) | 26-09-2023 | 28-09-2023 |
| ഷൈജ എം.വി. | വി ഇ ഒ (നടത്തറ സർക്കിൾ) | 29-09-2023 | 31-03-2024 |
| സുരഭി ടി.എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ആൻസി എം. ലാസർ | എച്ച്.എം. (ഇൻ-ചാർജ്ജ്), | 01-04-2023 | 15-08-2023 |

| | | | |
|---|---|---|---|
| | ജി.യു.പി.എസ്, മൂർക്കനിക്കര | | |
| സൈന പി.ബി. | എച്ച്.എം., ജി.യു.പി.എസ്, മൂർക്കനിക്കര | 16-08-2023 | 31-03-2024 |
| ജോയിനി ജേക്കബ്ബ് എം. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| അന്ന പി. പ്രഭു | അസിസ്റ്റന്റ് എഞ്ചിനിയർ, LID & EW സെക്ഷൻ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | പ്രൊവിഷൻ എൻട്രി രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-4 |
| 6 | വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | 31.03.2024 ലെ ബാലൻസ് ഷീറ്റ് B-18 പട്ടിക പ്രകാരമുള്ള താഴെ പറയുന്നവ അഡ്വാൻസ് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ | 1-1-7 |
| 9 | ബാലൻസ് ഷീറ്റ് ബി-4 പ്രകാരമുള്ള എല്ലാ തുകകൾക്കും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-8 |
| 10 | ക്ലോസിങ് സ്റ്റോക്ക്-കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല | 1-1-9 |
| 11 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി | 1-1-10 |
| 12 | ക്ഷേമപദ്ധതികളുടെ ചെലവു തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-1-11 |
| 13 | ബാലൻസ്ഷീറ്റ് ബി -4 പട്ടിക പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റ് നീക്കിയിരിപ്പ് തുകകൾ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 പ്രകാരമുള്ള നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | "Prior Period Item" ഇനത്തിൽ ക്രമീകരിച്ചിരിക്കുന്ന തുകകൾക്ക് ആധികാരികമായ രേഖകളില്ല | 1-1-13 |
| 15 | ഡിപ്രീസിയേഷൻ കണക്കാക്കിയതിന് ആധികാരികമായ രേഖകളില്ല | 1-1-14 |
| 16 | പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ചേർത്തിട്ടില്ല | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | ഫണ്ട് വിനിയോഗം | 1-3 |
| 19 | പദ്ധതി അവലോകനം | 1-4 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 21 | ക്ഷേമ പദ്ധതികൾ | 1-6 |
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |

| | | |
|---|---|---|
| 23 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 24 | റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽ 5,05,121.24 രൂപ കുറവ് | 1-9 |
| 25 | ഓഡിറ്റോറിയം -നിർമ്മാണം ക്രമവൽക്കരിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ് | 1-10 |
| 26 | തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു | 1-11 |
| 27 | ടർഫിൽ നിന്നും വസ്തുനികുതി ഈടാക്കേണ്ടതാണ് | 1-12 |
| 28 | വസ്തുനികുതി പരിഷ്ക്കരണം- സർക്കാർ നിർദേശങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ് | 1-13 |
| 29 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് മുൻപ് മരുന്നുവാങ്ങാൻ തുക ചെലവഴിച്ചു | 1-14 |
| 30 | കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസിന് തുക കൈമാറൽ- വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-15 |
| 31 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ വാങ്ങലുകൾ- നടപടിക്രമങ്ങൾ പാലിച്ചില്ല | 1-16 |
| 32 | വീട് വാസയോഗ്യമാക്കൽ - പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 1-17 |
| 33 | ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല | 1-18 |
| 34 | ആശ്രയ വിഹിതം-ഭവനപുനരുദ്ധാരണ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല | 1-19 |
| 35 | സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണ വിതരണ പദ്ധതി- അപാകതകൾ - 8,68,372 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 36 | തുടർ സാക്ഷരത പ്രവർത്തനം - തുല്യത - സബ്സിഡി മാർഗരേഖക്കു വിരുദ്ധമായി ചെലവു ചെയ്തു -9800 രൂപ നിരാകരിക്കുന്നു | 1-21 |
| 37 | ചെലവു രേഖകൾ ഹാജരാക്കിയില്ല -15000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 38 | ജാഗ്രത സമിതി കൗൺസിലർക്ക് വികസന ഫണ്ടിൽ നിന്നും ഹോണറേറിയം അനുവദിച്ചതു മാർഗരേഖ വിരുദ്ധം -1,26,204 രൂപ തടസ്സപ്പെടുത്തുന്നു | 1-23 |
| 39 | വനിതകൾക്ക് കറവ പശു വളർത്തൽ - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-24 |
| 40 | ടെണ്ടർ സ്പെസിഫിക്കേഷന് വിരുദ്ധമായി ഫർണീച്ചറുകൾ ലഭ്യമാക്കി | 1-25 |
| 41 | കുറഞ്ഞ ടെണ്ടർ രേഖപ്പെടുത്തിയ പൊതുമേഖല സ്ഥാപനത്തിന്റെ LED Set ഗുണനിലവാരമില്ലായെന്ന് രേഖപ്പെടുത്തി ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കി | 1-26 |
| 42 | ഡെപ്പോസിറ്റ് പ്രവൃത്തി -പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടില്ല | 1-27 |
| 43 | ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾ-അവലോകനം | 1-28 |
| ഭാഗം **2** | | |
| 1 | റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽ 5,05,121.24 രൂപ കുറവ് | 2-1 |
| ഭാഗം **3** | | |

| | | |
|---|---|---|
| 1 | തുടർ സാക്ഷരത പ്രവർത്തനം-തുല്യത-സബ്സിഡി മാർഗ രേഖക്കു വിരുദ്ധമായി ചെലവു ചെയ്തു-9800 രൂപ നിരാകരിക്കുന്നു | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് തൻവർഷം ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികക്കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.06.2024 തീയതിയിലെ 5(1) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 23.07.2024 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നടത്തറ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി,നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി :17.12.2024**

**ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

### 1-1-2 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8668561 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -397343 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-3 പ്രൊവിഷൻ എൻട്രി രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ., തീ.26.07.2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-4 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-5 വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31.03.2024 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | കോഡ്/ഹെഡ് | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues - Property Tax On Residential Building | 333022 | 318985 |
| 2 | 350410104-Advance Collection Of Revenues - Property Tax On Non-Residential Building | 123379 | 321265 |

## 1-1-6 31.03.2024 ലെ ബാലൻസ് ഷീറ്റ് B-18 പട്ടിക പ്രകാരമുള്ള താഴെ പറയുന്നവ അഡ്വാൻസ് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല

| കോഡ് | ഹെഡ് | തുക |
|---|---|---|
| 460100103 | Temporary Advance For Official Purposes | 340000 |

| | | |
|---|---|---|
| 460509901 | Advance To Others | 340000 |
| 460500202 | Advance To Implementing Agencies – Deposit With Kerala Electricity Board | 955518 |
| 460100102 | Permanent Advance Imprest | 200 |
| 460100199 | Other Advances | 70,656 |

## 1-1-7 ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ

**1. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല**

2023-24 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)) പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ 2023-24 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വരവിനം | ഡിമാന്റ് ചേർക്കുന്ന കോഡ്, ഹെഡ് | ഡിമാന്റ് തുക | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ നമ്പർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (6 കെട്ടിടങ്ങൾ) | 130100101- Rent From Building | 1297666 രൂപ | 31-03-2024 | 42301660 |

**2. ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-8 ബാലൻസ് ഷീറ്റ് ബി-4 പ്രകാരമുള്ള എല്ലാ തുകകൾക്കും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ബി-4 പട്ടിക പ്രകാരമുള്ള ഇനങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| ക്രമ നമ്പർ | ശീർഷകം | കോഡ്, ഹെഡ് | തുക |
|---|---|---|---|
| 1 | 320100192 | Flood Relief Grant | 332180 |
| 2 | 320100161 | Rural Infrastructure Development Fund | 658202 |
| 3 | 320200101 | Development Fund-General-Capital | 2,00,000 |
| 4 | 320100999 | Other Liabilities | 541 |

## 1-1-9 ക്ലോസിങ് സ്റ്റോക്ക്-കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-1-10 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിന്റെ വിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | 109424957 |
| ആകെ ചെലവ് (B) | 109114993 |
| മിച്ചം തുക C= A-B | 309964 |
| Prior Period Income | 18368 |
| Prior Period Expenditure | -1576654 |
| Net Difference Between Prior Period Income And Expenses (D) | 1595022 |
| | അക്കൗണ്ട്സ് പ്രകാരം |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) =C+D | 1904986 |
| 2022-23 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-1-26 പരാമർശപ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ വരേണ്ടിയിരുന്ന തുക | -734240 |
| 31/3/24ലെ ബാലൻസ് ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | -6693048 |
| 31/3/24 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് (യഥാർത്ഥത്തിൽ വരേണ്ടിയിരുന്നത്) | 1170746 |

## 1-1-11 ക്ഷേമപദ്ധതികളുടെ ചെലവു തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല

താഴെ പറയുന്ന ക്ഷേമപദ്ധതികളുടെ ചെലവു തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവു തുക (രജിസ്റ്റർ പ്രകാരം) |
|---|---|
| തൊഴിൽരഹിത വേതനം | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2911600 |

| | |
|---|---|
| വിധവാപെൻഷൻ | 15466800 |
| വാർദ്ധക്യകാലപെൻഷൻ | 27839900 |
| വികലാംഗപെൻഷൻ | 3487700 |
| 50 വയസ്സിന് മേൽ പ്രായം ഉള്ള അവിവാഹിതിരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2227400 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 90000 |

## 1-1-12 ബാലൻസ്ഷീറ്റ് ബി -4 പട്ടിക പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റ് നീക്കിയിരിപ്പ് തുകകൾ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 പ്രകാരമുളള നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31.03.24-ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ (ബി -17 പ്രകാരം) 31.03.24-ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ഇനം | തുക |
| 1 | 320700204 | Contribution For JV(for Revenue Expenditure)-BP | 1186484 | 450210104 | SUB TREASURY TCR(799011400000762) | - |
| 2 | 320700205 | Contribution For JV(for Revenue Expenditure)-JP | 139419 | | | |

## 1-1-13 "Prior Period Item" ഇനത്തിൽ ക്രമീകരിച്ചിരിക്കുന്ന തുകകൾക്ക് ആധികാരികമായ രേഖകളില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം "Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18, I-19) | 31.03.2024-ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100102-Prior Period Income - Professional Tax-Institution/Professionals/ Traders | 25,780 |
| 190200201-Prior Period Income -Licence Fees | 7,700 |
| | |

| | |
|---|---|
| 190200301-Prior Period Income -Water Charges Collected | -15,956 |
| 290800101- Prior Period-Establishment Expenses | -63,810 |
| 290800201- Prior Period-Administrative Expenses | -8949 |
| 290800601- Prior Period-Revenue Grants & Contributions | -15,03,895 |

## 1-1-14 ഡിപ്രീസിയേഷൻ കണക്കാക്കിയതിന് ആധികാരികമായ രേഖകളില്ല

2023-24 വർഷത്തെ Income And Expenditureപത്രിക പ്രകാരം 12,483,576 രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-1-15 പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ചേർത്തിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | കോഡ്, ഹെഡ് | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450240148<br>PNB ജലജീവൻ മിഷൻ | 2588000100106728 | 863759 |
| 2 | 450210101<br>ഭവനനിധി | 40728101003703 | 13358 |

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 17.03.2023 | |
| കമ്മിറ്റി തീരുമാനം | 1/17.03.2023 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 259277173 | 249265200 |
| **റിവൈസ്ഡ് ബജറ്റ്** | | |
| പാസ്സാക്കിയ തിയതി | 14.02.2024 | |
| കമ്മിറ്റി തീരുമാനം | 1 /14.02.2024 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 278760814 | 266974000 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 17998000 | 17998000 | 16579503 | 1418497* |
| വികസന ഫണ്ട്-എസ്.സി.പി | 0 | 5223000 | 5223000 | 4677792 | 545208* |
| വികസന ഫണ്ട്-(ടി.എസ്.പി ) | 0 | 324000 | 324000 | 312884 | 11116* |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് | 0 | 11833350 | 11833350 | 8213296 | 3620054* |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 6767400 | 6767400 | 4126536 | 2640864* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Basic | 42248** | 3009172 | 3051420 | 2410746 | 640674 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied | 766869** | 2277248 | 3044117 | 3044117 | 0 |
| സാക്ഷരത | 0 | 6616 | 6616 | 6600 | 16 |
| ദുരിതാശ്വാസനിധി | 332180 | 0 | 332180 | 0 | 332180 |
| TSC | 3856 | 438459 | 442315 | 438459 | 3856 |
| ICDS | 448053 | 1778390 | 2226443 | 1134078 | 1092365 |
| Life State Share | 514157 | 6290425 | 6804582 | 5410425 | 1394157 |
| K Phone | 19570 | 25000 | 44570 | 25000 | 19570 |
| Nagara Sanchaya | 0 | 3693374 | 3693374 | 3693374 | 0 |
| Health Grant For Specific Purposes | 57149 | 428638 | 485787 | 98020 | 387767 |
| Beneficiary Contribution | 875473 | 112185 | 987658 | 156902 | 830756 |
| Health Grant Diagonostic Infrastructure | 17681 | 1038874 | 1056555 | 137062 | 919493 |

**CFC(BASIC,TIED) എന്നിവ വാർഷിക ധനകാര്യ പത്രിക പ്രകാരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്- എസ്.സി.പി എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളുംരേഖപ്പെടുത്തിയിരിക്കുന്നത്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയപ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 254 | 149373634 | 173 | 73377450 | 49.12 | 68% |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1059319 | 1059319 | 1059319 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (Unskilled) | 0 | 12804931 | 12804931 | 12804931 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (Semi Skilled) | 0 | 130840 | 130840 | 130840 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 1021834 | 1021834 | 1021834 | 0 |
| പലിശ | 0 | 1081 | 1081 | 1081 | 0 |
| ആകെ | 0 | 15018005 | 15018005 | 15018005 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2911600 | 253 |
| വിധവാപെൻഷൻ | 15466800 | 1426 |
| വാർദ്ധക്യകാലപെൻഷൻ | 27839900 | 2744 |
| വികലാംഗപെൻഷൻ | 3487700 | 308 |
| 50 വയസ്സിന് മേൽ പ്രായം ഉള്ള അവിവാഹിതിരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2227400 | 206 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 90000 | 3 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.11.2024 തീയതിയിൽ 2.30 Pm ന് സ്ഥാപന മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 40,272 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽ 5,05,121.24 രൂപ കുറവ്

നടത്തറ ഗ്രാമ പഞ്ചായത്തിൽ ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ്, 0.40 മീറ്റർ വീതിയിൽ 1.65 മീറ്റർ ആഴത്തിൽ ഓപ്പൺ ട്രഞ്ച് (OT Method) രീതിയിൽ ഒ.എഫ്.സി കേബിളുകൾ ഇടുന്നതിനായി 29.12.2022 തീയതിയിൽ RoW/1055848/62952 നമ്പർ അപേക്ഷ സമർപ്പിച്ചിരുന്നു. ഷോൾഡർ/ബേം കട്ടിംഗ് വീതി 0.40 മീറ്റർ എന്ന് അപേക്ഷയിൽ വ്യക്തമാക്കിയിരുന്നെങ്കിലും 0.30 മീറ്റർ വീതി മാത്രമാണ് എസ്റ്റിമേഷൻ തയ്യാറാക്കാൻ LSGD വിഭാഗം അസിസ്റ്റന്റ് എൻജിനീയർ പരിഗണിച്ചിട്ടുള്ളത്. അസിസ്റ്റന്റ് എൻജിനീയർ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേഷൻ ചുവടെ ചേർക്കുന്നു.

| | Length (M) | Breadth (M) | Area ($M^2$) |
|---|---|---|---|
| Proposed Area For Earthern Shoulder Cutting | 918.9 | 0.30 | 275.67 |

| | | | |
|---|---|---|---|
| 275.67 $M^2$ @ 1832.34/$M^2$ | | | 5,05,121.2 |
| Proposed Area For Concrete Cutting | 64.1 | 1 | 64.1 |
| 64.1 $M^2$ @ 4777.21/$M^2$ | | | 3,06,219.2 |
| Proposed Area For Tar Road Cutting | 9 | 1 | 9 |
| 9 $M^2$ @ 3090.4/$M^2$ | | | 27,813.6 |
| Total | | | 8,39,153.9 |

നടത്തറ പഞ്ചായത്തും ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ 05.09.2023 തീയതിയിൽ ചമച്ച കരാറിന്റെ അടിസ്ഥാനത്തിൽ ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ്, മേൽ എസ്റ്റിമേഷൻ പ്രകാരമുള്ള 8,39,153.9 രൂപ (Receipt No. 1230000379/G080502 Dtd 19.08.2023 - 89910, Receipt No. 1230000380/G080502 Dtd 19.08.2023 - 749244) 19.08.2023 തീയതിയിൽ അടവാക്കുകയും സെക്രട്ടറിയുടെ 21.09.2023 തീയതിയിലെ എസ്.സി. 3-1055848/23 നമ്പർ നടപടിക്രമത്തിലൂടെ ഒ.എഫ്.സി കേബിളുകൾ സ്ഥാപിക്കുന്നതിനായി റോഡ് കട്ടിങ്ങിനു അനുമതി നല്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് പുതുക്കി നിശ്ചയിച്ചിട്ടുള്ള പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയറുടെ 30.03.2019-ലെ CE/R&B I GL-RC/2/2019 നമ്പർ സർക്കുലർ പ്രകാരം, ട്രഞ്ച് വീതിയുടെ 1.5 ഇരട്ടിയും ബിറ്റുമിനസ് സർഫസിനു മിനിമം 1 മീറ്റർ വീതിയും റോഡ് റിസ്റ്റോറേഷൻ ചാർജ്ജിന്റെ എസ്റ്റിമേഷനു പരിഗണിക്കേണ്ടതാണ്. ആയതു പ്രകാരം ഈടാക്കേണ്ടിയിരുന്ന റിസ്റ്റോറേഷൻ ചാർജ്ജിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | Length (M) | Breadth (M) | Area ($M^2$) |
|---|---|---|---|
| Proposed Area For Earthern Shoulder Cutting | 918.9 | 0.4*1.5= **0.6** | 551.34 |
| 551.34 $M^2$ @ 1832.34/$M^2$ | | | 10,10,242.34 |
| Proposed Area For Concrete Cutting | 64.1 | 1 | 64.1 |
| 64.1 $M^2$ @ 4777.21/$M^2$ | | | 3,06,219.2 |
| Proposed Area For Tar Road Cutting | 9 | 1 | 9 |
| 9 $M^2$ @ 3090.4/$M^2$ | | | 27,813.6 |
| Total | | | 13,44,275.14 |
| Difference | | | 13,44,275.14 - 8,39,153.9 =**5,05,121.24** |

റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽ കുറവ് സംഭവിച്ചതിൽ വിശദീകരണം ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്കു (നമ്പർ 07.11.2024), കുറവ് വന്ന 5,05,121.24 രൂപ അടവാക്കുവാൻ ആവശ്യപ്പെട്ട് ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡിനു കത്തു നല്കുന്നതാണെന്നും തുക അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതായിരിക്കും എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ – 07/21.11.2024)

## 1-10 ഓഡിറ്റോറിയം -നിർമ്മാണം ക്രമവൽക്കരിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്

കേരള സർക്കാർ, ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവുംകൂടിയതും കുറഞ്ഞതുമായ പരിധികൾ 05.04.2023 തീയതിയിലെ സ.ഉ.(അച്ചടി)നമ്പർ 25/2023/LSGD നമ്പർ വിജ്ഞാപനത്തിലൂടെ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ പുതുക്കിനിശ്ചയിക്കുകയും 22.03.2023 തീയതിയിലെ സ.ഉ.(കൈ)നമ്പർ 77/2023/LSGD ഉത്തരവിലൂടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. മേൽ വിജ്ഞാപനത്തിന്റെയും മാർഗനിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ നടത്തറ ഗ്രാമപഞ്ചായത്തിൽ സ്വീകരിച്ച നടപടികളുടെ പരിശോധനയിൽ, വാഴ്ക്കാട്ടിൽ വീട്ടിൽ ശ്രീ. മനോജ് കുമാർ വി.വി.-യുടെ ഉടമസ്ഥതയിലുള്ള XIV/409, XIV/410 എന്നീ നമ്പർ കെട്ടിടങ്ങളുടെ സഞ്ചയ ഡാറ്റാ ബേസ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ.) | ഉപയോഗക്രമം | അടിസ്ഥാന വസ്തു നികുതി നിരക്ക് | ഈടാക്കിയ വസ്തു നികുതി (വർധനവുകൾ, സർവ്വീസ് ചാർജ്, ലൈബ്രറി സെസ് എന്നിവ ഉൾപ്പെടെ) | |
|---|---|---|---|---|---|
| | | | | 2023 (1st&2nd Half) | 2024 (1st&2nd Half) (5% വർദ്ധനവ്) |
| XIV/409 | 287.8 (ഇന്ദ്രപ്രസ്ഥ) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ,ഷോപ്പുകൾ ഗോഡൌൺ - ഹോട്ടൽ | 50 | 3114 (നികുതി വർദ്ധനവ് പരിമിതപ്പെടുത്തിയിരിക്കുന്നു) | 3271 |
| XIV/410 | 230.3 (റിവർവാലി) | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ, ഓഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ -ഓഡിറ്റോറിയം | 20 | 6121 | 6427 |
| ആകെ | 518.10 | | | 9235 | 9698 |

20.11.2023 തീയതിയിൽ ഓഡിറ്റ് ടീം, LSGD സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ മേൽ കെട്ടിടങ്ങളിൽ കൂട്ടിചേർക്കലുകൾ വരുത്തിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.





ഇന്ദ്രപ്രസ്ഥ

 

റിവർവാലി

അസിസ്റ്റന്റ് എൻജീനിയറുടെ മേൽനോട്ടത്തിൽ അളന്നെടുത്ത നിലവിലെ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ.) | ഉപയോഗക്രമം | അടിസ്ഥാന വസ്തു നികുതി നിരക്ക് | അധിക നിർമ്മാണത്തിന്റെ വിസ്തീർണ്ണം | അധിക നിർമ്മാണത്തിന് ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി (വർധനവുകൾ,സർവ്വീസ് ചാർജ്, ലൈബ്രറി സെസ് എന്നിവ ഒഴികെ) | |
|---|---|---|---|---|---|---|
| | | | | | 2023 ($1^{st}$&$2^{nd}$ Half) | 2024 ($1^{st}$&$2^{nd}$ Half) |
| XIV/409 | 1516 (ഇന്ദ്രപ്രസ്ഥ) | ഓഡിറ്റോറിയം | 35 | 1228.20 | 42987 | 45136 |
| XIV/410 | 834.375 (റിവർവാലി) | | | 604.075 | 21143 | 22200 |
| ആകെ | 2350.37 | | | 1832.275 | 64130 | 67336 |

ഘടനാപരമായി മാറ്റം വരുത്തിയിട്ടുള്ള കെട്ടിടങ്ങളെ പുതിയ കെട്ടിടമായി പരിഗണിക്കേണ്ടതും പുതിയ ചട്ടപ്രകാരമുള്ള നികുതി ഈടാക്കേണ്ടതുമാണെന്നിരിക്കെ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കാത്തതിന്റെ വിശദീകരണം ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (14/22.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി പരിഷ്കരണവും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങളും നടപ്പിൽ വരുത്തുന്നതിൽ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തു നിന്ന് വീഴ്ചയുണ്ടായിട്ടുണ്ടെന്നും അതേതുടർന്ന് തനതുവരുമാനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ടെന്നും മേൽ ഉദാഹരണത്തിൽ നിന്നും ഓഡിറ്റ് വിലയിരുത്തുന്നു.

പഞ്ചായത്തിൽ നിന്നുള്ള കെട്ടിടനിർമ്മാണ അനുമതിയോ ക്രമവൽക്കരണ അനുമതിയോ ഇല്ലാതെ, ഉപയോഗക്രമത്തിലും വിസ്തീർണ്ണത്തിലും മാറ്റം വരുത്തി പ്രവർത്തിക്കുന്ന 'പുഴയോരം ഗാർഡൻസ്' എന്ന പേരിൽ പ്രസിദ്ധമായ മേൽ സ്ഥാപനങ്ങളെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (ചട്ടം 92 മുതൽ 96 വരെ) പ്രകാരം ക്രമവൽക്കരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കി, വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2023-24 വർഷത്തെ വ്യാപാര സംരംഭക ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം, തട്ടാംപറമ്പിൽ വീട്ടിൽ ശ്രീ വിജയൻ ടി.ആർ- ന്റെ ഉടമസ്ഥതയിലുള്ള 496 ച. മീറ്റർ വിസ്തീർണ്ണമുള്ള XI/291 നമ്പർ കെട്ടിടത്തിൽ ഓഡിറ്റോറിയം പ്രവർത്തിപ്പിക്കുന്നതിനായി 2022-23 മുതൽ 2026-27 വരെ 5 വർഷം കാലയളവിലേക്ക് ലൈസൻസ് (നമ്പർ 31/24-25) പുതുക്കി നല്കിയിട്ടുണ്ട്. 20.11.2023 തീയതിയിൽ ഓഡിറ്റ് ടീം LSGD സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത കെട്ടിടം

സിനിമാ തീയേറ്റർ ആയി പ്രവർത്തിച്ചിരുന്നതായും നിലവിൽ ഓഡിറ്റോറിയം (Coral City Event Hub എന്ന പേരിൽ) ആയി പ്രവർത്തിക്കുന്നുണ്ടെന്നും ബോധ്യപ്പെട്ടു.




സഞ്ചയ ഡാറ്റാബേസ് പരിശോധിച്ചതിൽ, മേൽ കെട്ടിടത്തെ 'വ്യവസായത്തിനായുള്ള കൈത്തറി- കയർപിരി ഷെഡ്'' എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് 1990 മുതൽ ARV അടിസ്ഥാനത്തിലും 2013 മുതൽ പ്ലിന്ത് ഏരിയ അടിസ്ഥാനത്തിലും വസ്തു നികുതി ഈടാക്കിവരുന്നത്.

26.06.2023 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റി തീരുമാന നമ്പർ 2(1) പ്രകാരം 'അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ഓഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ' എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് ചതുരശ്രമീറ്ററിന് 35 രൂപയും 'വ്യവസായത്തിനായുള്ള കൈത്തറി- കയർപിരി ഷെഡ്'' എന്ന ഗണത്തിലുൾപ്പെട്ട കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് ചതുരശ്രമീറ്ററിന് 10 രൂപയുമാണ്. 05.04.2023 തീയതിയിലെ സ.ഉ.(അച്ചടി)നമ്പർ 25/2023/LSGD നമ്പർ സർക്കാർ വിഞ്ജാപനത്തിന്റെ അടിസ്ഥാനത്തിൽ 01.04.2023 മുതൽ നികുതി പുനർനിർണ്ണയിച്ച് ഈടാക്കിവരുന്നുണ്ടെങ്കിലും ഉപയോഗക്രമത്തിൽ മാറ്റംവരുത്താത്തതിനാൽ നികുതി നഷ്ടം സംഭവിക്കുന്നു. മേൽ അപാകത്തിനു വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 19/23.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

സഞ്ചയ ഡാറ്റാബേസിൽ ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതോടൊപ്പം നിലവിൽ 'ഗ്രൂപ്പ് ഡി' ഉപയോഗക്രമത്തിലുൾപ്പെടുന്ന പ്രസ്തുത കെട്ടിടം കെ.പി.ബി.ആർ.2019 നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ ( Setback, FSI, Coverage, Parking, Fire&Safety NOC Etc) പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതും വ്യവസ്ഥകൾ പാലിക്കാത്ത പക്ഷം കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA അനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ടർഫിൽ നിന്നും വസ്തുനികുതി ഈടാക്കേണ്ടതാണ്

വസ്തുനികുതി പരിഷ്കരണ ഉത്തരവ് സ.ഉ.(അച്ചടി) നം.25/2023/LSGD/5.4.23 നമ്പർ പ്രകാരം 'സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ - ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോട് കൂടിയവ' എന്ന ഉപയോഗക്രമത്തിന് കുറഞ്ഞത് 25 കൂടിയത് 45 എന്ന നിരക്ക് നിശ്ചയിച്ചിട്ടുള്ളതും പഞ്ചായത്ത് ഈ ഉപയോഗക്രമത്തിലുള്ളവയ്ക്ക് 35 രൂപ ച.മീറ്ററിന് നിരക്ക് നിശ്ചയിക്കുയും ചെയ്ത് വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൻ പ്രകാരം പഞ്ചായത്ത് പരിധിയിൽ 13-ാം വാർഡിൽ പ്രവർത്തിച്ചു വരുന്ന 'Camp Nou' എന്ന ഫുട്ബോൾ ടർഫിൽ നിന്നും മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല. ടർഫിന്റെ വിസ്തൃതിക്കനുസൃതമായി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നമ്പർ 15/22.11.24).

## 1-13 വസ്തുനികുതി പരിഷ്കരണം- സർക്കാർ നിർദേശങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂട്ടിച്ചേർക്കലുകൾ നടത്തുക, മാറ്റം വരുത്തുക, സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക തുടങ്ങിയ കാരണങ്ങളാൽ നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും അവസ്ഥയെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഫീൽഡ് പരിശോധന നടത്തി മാറ്റം വന്ന കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യുന്നതിനും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി നിർണ്ണയിക്കുന്നതിനും

നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ ഫീൽഡ് പരിശോധനകൾ 30.06.2023-ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ്. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വെയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണെന്നും ഭരണസമിതി തീരുമാനത്തിനു വിധേയമായി ഒരു കെട്ടിടത്തിന് പരമാവധി 30 രൂപ നിരക്കിൽ തനതുഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണെന്നും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനധികൃതനിർമ്മാണങ്ങൾ കണ്ടെത്തി വസ്തുനികുതി പുനഃനിർണ്ണയിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/18.11.2024), ഫീൽഡ് പരിശോധന നടത്തിയതിന്റെയും തുടർനടപടികൾ സ്വീകരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയില്ല.

അനധികൃതനിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഫീൽഡ് സ്റ്റാഫിന് നിശ്ചയിച്ച് നല്കേണ്ടതും, അതനുസരിച്ച് അവർ കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥനും സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നൽകേണ്ടതുമാണ്.

സർക്കാർ ഉത്തരവ് പ്രകാരമുള്ള ഫീൽഡ് പരിശോധനകൾ നടത്തി നികുതി-നികുതിയേതരയിനങ്ങളിലെ വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് മുൻപ് മരുന്നുവാങ്ങാൻ തുക ചെലവഴിച്ചു

| | |
|---|---|
| നിർവഹണം | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| പദ്ധതിയുടെ നമ്പർ/ പേര് | 103/24 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ |
| അടങ്കൽ | 13,00,000 (മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്) |
| ചെലവ് | 13,00,000<br>വൗച്ചർ നം. 42301348, തീയതി-10.05.2023 |

സ.ഉ(കൈ) നം. 115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 പ്രകാരം പുറത്തിറക്കിയ പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി, ധനസഹായം അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.4-ൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നുകൾ വാങ്ങാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കാനോ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽപദ്ധതിക്കായി ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നത് 21.06.2023 തീയതിയിലാണ്. എന്നാൽ ഔഷധിയുടെ 09.05.2023-ലെ പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 10.05.2023-ന് തന്നെ 5913005900000015/PUNB0591300 എന്ന അക്കൗണ്ടിലേക്ക് 13,00,000/- രൂപ കൈമാറിയിട്ടുണ്ട്. എൻ.എ.സി ലഭ്യമാവുന്നതിന് മുൻപുതന്നെ തുക കൈമാറിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/21.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം മരുന്നുവാങ്ങാൻ തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസിന് തുക കൈമാറൽ- വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പദ്ധതിയുടെ നമ്പർ/ പേര് | 70/24 കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ്- തുക കൈമാറൽ |
| അടങ്കൽ | 150000 (പൊതുവിഹിതം-സാധാരണം) |
| | |

| | |
|---|---|
| ചെലവ് | 150000<br>(വൗച്ചർ നം. 42301555,<br>തീയതി-20.02.2024) |

മേൽ പദ്ധതിപ്രകാരം 3 പേരുടെ കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ 3301005800000015 PUNB0330100 എന്ന അക്കൗണ്ടിലേക്ക് 150000 കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 10/21.11.2014)

## 1-16 ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ വാങ്ങലുകൾ- നടപടിക്രമങ്ങൾ പാലിച്ചില്ല

1. പദ്ധതിയുടെ നമ്പർ/ പേര് : 73/24- അംഗണവാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ : 295000 (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം)

ചെലവ് : 244321 (വൗച്ചർ നം 42301519 തീയതി 26.12.2023)

2. പദ്ധതിയുടെ നമ്പർ/ പേര് : 71/24- വയോജനങ്ങൾക്ക് കട്ടിൽ- പൊതുവിഭാഗം

അടങ്കൽ : 495900 (209000 (പൊതു-സാധാ.), 286900 (ജില്ലാ പഞ്ചായത്ത് വിഹിതം))

ചെലവ് : 209000

(200000- വൗച്ചർ നം. 42301492, തീയതി-24.11.2023)

(9000- വൗച്ചർ നം. 42301598, തീയതി-24.11.2023)

ക്രമ നമ്പർ 1 ലെ പദ്ധതിപ്രകാരം കിച്ചൻ സ്റ്റാന്റ്, അലൂമിനിയം കുക്കർ, മിൽക്ക് പോട്ട്, സ്റ്റീൽ ഡബ്ബ, ബുക്ക് സ്റ്റാന്റ് എന്നീ ഉപകരണങ്ങളും ക്രമ നമ്പർ 2 പ്രകാരം സ്റ്റീൽ/പ്ലൈവുഡ് കട്ടിലും വാങ്ങൽ നടത്തിയിട്ടുണ്ട്. വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

സ.ഉ(കൈ)നമ്പർ 115/2022/ത.സ്വ.ഭ.വ., തീയതി-28.05.2022 പ്രകാരം പുറത്തിറക്കിയ പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 2.20 പ്രകാരം നേരിട്ട് വാങ്ങാൻ അനുമതിയില്ലാത്ത ഇനങ്ങളുടെ വാങ്ങലുകൾക്ക് ജി.ഒ(പി)നം.259/2010/ ത.സ്വ.ഭ.വ., തീയതി-08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ബാധകമാണ്. ആയതുപ്രകാരം ഒരുലക്ഷം രൂപയിൽ അധികരിക്കുന്ന വാങ്ങലുകൾ ഓപ്പൺ ടെണ്ടർ മുഖേന നിർവഹിക്കേണ്ടതാണ്. മേൽവാങ്ങലുകൾക്ക് ടെണ്ടർ ക്ഷണിച്ചുകൊണ്ട് പ്രത്യേകം നോട്ടീസുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ടെണ്ടർ ക്ഷണിക്കുന്നു എന്നാണ് നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും മാത്രമായി ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനം വ്യക്തമല്ല. ടെണ്ടർ നോട്ടീസ് ദിനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തൽ, ടെണ്ടർ ഫോം അനുവദിക്കൽ തുടങ്ങിയ ടെണ്ടർ നടപടിക്രമങ്ങളൊന്നുംതന്നെ പാലിച്ചിട്ടില്ല. സിഡ്കോയുടെ വിവിധ ബ്രാഞ്ചുകളുടെ പേരിലുള്ള പ്രോഫോർമ ഇൻവോയ്സുകൾ താരതമ്യപ്പെടുത്തി ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ബ്രാഞ്ചിന് പർചേസ് ഓർഡർ നൽകുകയാണ് ചെയ്തിട്ടുള്ളത്.

നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/21.11.2024) സ.ഉ(സാധാ)നം.97/2022/എസ്.പി.ഡി, തീയതി-23.12.2022 പ്രകാരമാണ് വാങ്ങലുകൾ നടത്തിയതെന്നാണ് നിർവഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്. മേൽ ഉത്തരവ്, ടെണ്ടർ നടപടികൾ കൂടാതെ സിഡ്കോയിൽ നിന്നും ഉത്തരവിന്റെ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനാണെന്നിരിക്കെ മറുപടി അംഗീകരിക്കാനാവില്ല.

പ്രൊക്യൂർമെന്റ് നടപടികൾ പാലിച്ച് വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 വീട് വാസയോഗ്യമാക്കൽ - പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ (ജനറൽ) (77/24) |
| നിർവഹണ ഉദ്യോഗസ്ഥ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | ₹ 8,50,000 (പൊതു. സാധാ) |
| ചെലവ് | ₹ 6,50,000 |

I) മേൽ പദ്ധതി പ്രകാരം, ഒരു ഗുണഭോക്താവിനു 50,000 രൂപയാണ് ധനസഹായമായി നല്കാൻ ലക്ഷ്യമിട്ടിരുന്നത്. മുൻകൂർ കൈപ്പറ്റിയ (25,000 രൂപ വീതം) ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്ന് കാണുന്നു.

| ക്രമ നം | പേര്, വിലാസം | മുൻകൂർ കൈപ്പറ്റിയ തീയതി |
|---|---|---|
| 1 | രാജു. എ. ഡി., S/O ദേവസ്സി, ആലുക്കപ്പറമ്പിൽ | 25.11.2023 |
| 2 | കൃഷ്ണൻകുട്ടി പി. കെ., പുഴമ്പള്ളത്ത്, ഇരവിമംഗലം | 15.01.2024 |
| 3 | കാർത്യായനി W/O ഗോപി, എടക്കാടൻ | 25.03.2024 |
| 4 | ഷൈനി ജെയ്സൻ, അറക്കൽ | 25.03.2024 |

II) ഒരു ഗുണഭോക്താവിനു 1,00,000 രൂപ വീതം ധനസഹായമായി നല്കാൻ ലക്ഷ്യമിട്ടിരുന്ന പ്രോജക്റ്റ് നം. 151/24 പ്രകാരം, മുൻകൂർ അനുവദിച്ച ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ലെന്ന് കാണുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അവസാനമായി തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | ചന്ദ്രിക അപ്പുക്കുട്ടൻ | 50000 | 23.03.2024 |
| 2 | സുനിത വിനോദ് | 50000 | 23.03.2024 |
| 3 | ഉണ്ണികൃഷ്ണൻ | 50000 | 23.03.2024 |
| 4 | വാസു. കെ. എ. | 50000 | 23.03.2024 |

ഭവന പുനരുദ്ധാരണം പൂർത്തീകരിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം തുക തിരികെ ഈടാക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ 13/21.11.2024).

## 1-18 ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/പേര് | വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ (33/24) |
| നിർവഹണ ഉദ്യോഗസ്ഥ | വെറ്റിനറി സർജൻ |
| അടങ്കൽ | 4,22,500 (വികസന ഫണ്ട് (22500) മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) (4,00,000)) |
| ചെലവ് | 4,22,499 (വികസന ഫണ്ട് (22500) മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) (3,99,999) |
| വൗച്ചർ നമ്പർ/ തീയതി/തുക | 1. 42301513/21.12.23 – ₹22500<br>2. 42301383/14.06.23 – ₹399999 |

മേൽപ്പറഞ്ഞ പദ്ധതി പ്രകാരം നീതി മെഡിക്കൽസ്, മൂർക്കനിക്കര എന്ന സ്ഥാപനത്തിൽ നിന്നും 4,22,499 രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. 2,50,000 മുകളിലുള്ള വാങ്ങലുകൾക്ക് 2% ജി.എസ്.ടി ടി.ഡി.എസ് കരാർ തുകയിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. ആയത് കുറവ് ചെയ്യാതിരുന്നതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.9/21.11.24) നൽകിയതിന് ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ

നാളിതുവരെ ജി.എസ്.ടി. ഒടുക്കിയിട്ടില്ലായെന്നും, മേലിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ജി.എസ്.ടി അക്കൗണ്ട് വഴി ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കി. 2,50,000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടത് നിർവ്വഹണോദ്യോഗസ്ഥയുടെ ചുമതലയായതിനാൽ വരും വർഷങ്ങളിൽ ജി.എസ്.ടി, സ്രോതസ്സിൽ നിന്നും കൃത്യമായി കുറവ് ചെയ്ത് നിർവ്വഹണോദ്യോഗസ്ഥയുടെ ജി.എസ്.ടി അക്കൗണ്ടിലൂടെ കേന്ദ്ര സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-19 ആശ്രയ വിഹിതം-ഭവനപുനരുദ്ധാരണ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | ആശ്രയ വിഹിതം കൈമാറൽ (5/24) |
| അടങ്കൽ | ₹8,00,000 (പ്ലാൻ-200000, ബ്ലോക്ക്-5,00,000,ജില്ല-1,00,000) |
| ചെലവ് | ₹3,50,000 (പ്ലാൻ-200000, ബ്ലോക്ക്-1,50,000) |
| വൗച്ചർ നമ്പർ/ തീയതി/ തുക | 1. 42301368/5.6.23 -₹200000<br>2. 42301373/7.6.23 -₹150000 |

ആശ്രയ അഗതിരഹിത കേരളം അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.258800010010266-PNB, മൂർക്കനിക്കര) മാറി നൽകിയ 3,50,000 രൂപ (07/06/23-2,00,000, 09/06/23-1,50,000) ചെലവു ചെയ്തിട്ടുള്ളത് 07/24 ലാണ്. 7 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണ പ്രവൃത്തികൾക്കായി 25,000 രൂപ വീതം (ആകെ ധനസഹായ തുകയുടെ (50,000 രൂപ) 50% അഡ്വാൻസ്) നൽകി. ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 9/21.11.24) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണ വിതരണ പദ്ധതി- അപാകതകൾ - 8,68,372 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ് |
| പ്രോജക്ട് നം./ പേര് | 117/24 സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണ വിതരണ പദ്ധതി |
| അടങ്കൽ | 9,00,000<br>വികസന ഫണ്ട് (ജനറൽ) -5,50,000<br>തനതു ഫണ്ട് -3,50,000 |
| | |

| | |
|---|---|
| ചെലവ് | 8,68,372<br>വികസന ഫണ്ട് (ജനറൽ) -5,24,349<br>തനതു ഫണ്ട് - 3,44,023 |
| വൗച്ചർ നം/തിയ്യതി, തുക | 42301340/27.4.23 -87650<br>42301488/23.11.23 -83284<br>42301516/22.12.23-108232<br>4231501/8.12.23 -82255<br>42301540/16.1.24 -90228<br>42301018/5.2.24 -91365<br>42301078/22.2.24-90751<br>42301150/29.2.24 -87425<br>42301218/20.3.24 -74482<br>42301579/25.3.24-72700 |

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള രണ്ട് ഗവൺമെന്റ് യു.പി സ്കൂളുകളിലേക്ക് പ്രഭാത ഭക്ഷണം നൽകുന്നതിന് കുടുംബശ്രീ യൂണിറ്റുകളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ച്, സ്ഥാപനത്തെ തെരഞ്ഞെടുത്ത്, എല്ലാ ദിവസവും പ്രഭാത ഭക്ഷണം നൽകുന്നതിനാണ് പ്രൊജക്ടിന്റെ ലക്ഷ്യം. ഇതിന്റെ അടിസ്ഥാനത്തിൽ 29.9.23ൽ ക്വട്ടേഷൻ ക്ഷണിക്കുകയും, 25.10.23 തിയതിയിലെ ഭരണസമിതി യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം ജ്യോതിസ് കുടുംബശ്രീ യൂണിറ്റിന്റെ 87.85 നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബശ്രീ, നടത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 1.11.23ൽ മുദ്രപത്രത്തിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ തൻവർഷം മുഴവനം മൂർക്കനിക്കര ഗവ.സ്കൂളിലേക്കും, ആശാരിക്കാട് ഗവൺമെന്റ് സ്കൂളിലേക്കും ആഴ്ചയിൽ ഒരു കുട്ടിക്ക് 87.85 നിരക്കിൽ താഴെ പറയുന്ന ഇനങ്ങൾ നൽകാമെന്ന് അറിയിച്ചിട്ടുണ്ട്.

| ഇനം | അളവ് | തുക |
|---|---|---|
| ഇഡ്ഡലി/ദോശ<br>സാമ്പാർ | രേഖപ്പെടുത്തിയിട്ടില്ല | 17.90 |
| നൂലപ്പം<br>മുട്ട ക്കറി | 2<br>1 | 18.90 |
| ചപ്പാത്തി<br>കുറുമ ക്കറി | 2<br>1 | 17.80 |
| പുട്ട്<br>കടല | 2 | 17.25 |
| ഉപ്പുമാവ്<br>നേന്ത്രപ്പഴം | 150g | 16.00 |
| ആകെ | - | 87.85 |

ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന പ്രകാരം 6.11.23 മുതൽ 25.3.24 വരെയുള്ള കാലയളവിൽ കുടുംബശ്രീ യൂണിറ്റിന്റെ അക്കൗണ്ടിലേക്ക് തുക നൽകിയിട്ടുണ്ട്.

1. 6.11.23 -17.11.23 -83284
2. 20.11.23 -4.12.23 -108232
3. 6.12.23 -22.12.23 -82255

4. 1.1.24 -15.1.24 -90228

5. 17.1.24-31.1.24 -91365

6. 1.2.24 -14.2.24 -90751

7. 15.2.24 -29.2.24 -87425

8. 1.3.24 -14.3.24 -74482

9. 15.3.24 -25.3.24 -72700

ആകെ -780722

പ്രോജക്റ്റ് നിർവഹണത്തിലെ അപാകതകൾ

1. ലഭ്യമാക്കിയ രേഖകളിൽ ക്രമ നം 7, 9ൽ മാത്രമാണ് കുടുംബശ്രീ യൂണിറ്റിന്റെ വിതരണ സ്റ്റേറ്റുമെന്റുകൾ ലഭ്യമായത്. ആശാരിക്കാട് ഗവൺമെന്റ് സ്കൂളിലെ ഹെഡ്മിസ്ട്രസ് കുട്ടികളുടെ അറ്റൻഡൻസും, വിതരണ കാലയളവും സാക്ഷ്യപ്പെടുത്തിയ രേഖകൾ മാത്രമാണ് ഫയലിൽ ഉള്ളത്. മൂർക്കനിക്കര ഗവൺമെന്റ് സ്കൂളിലേ കുട്ടികളുടെ അറ്റൻഡൻസും, വിതരണ കാലയളവും സാക്ഷ്യപ്പെടുത്തിയ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. കുടുംബശ്രീ യൂണിറ്റും, നിർവഹണ ഉദ്യോഗസ്ഥയും തമ്മിൽ ഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ വെച്ചിട്ടില്ല.

3. 8,68,372 രൂപയാണ് പ്രോജക്റ്റിന്റെ ചെലവ് (സുലേഖ സ്റ്റേറ്റുമെന്റ് പ്രകാരം) എന്നാൽ 780722 രൂപയുടെ ബില്ലുകൾ മാത്രമാണ് ഭാഗികമായ ചെലവുരേഖകളോടൊപ്പം ലഭ്യമാക്കിയിട്ടുള്ളത്.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി 18/22.11.24). പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കുന്നതു വരെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 1-21 തുടർ സാക്ഷരത പ്രവർത്തനം - തുല്യത - സബ്സിഡി മാർഗരേഖക്കു വിരുദ്ധമായി ചെലവു ചെയ്തു -9800 രൂപ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | തുടർ സാക്ഷരത പ്രവർത്തനം – തുല്യത (29/24) |
| നിർവഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ് |
| അടങ്കൽ | ₹1,50,000<br>1.വികസന ഫണ്ട്(ജനറൽ)- ₹100000<br>2.തനത് -₹50000 |
| ചെലവ് | 74400 (വികസന ഫണ്ട്(ജനറൽ) |
| വൗച്ചർ നമ്പർ | 1.42301489/23.11.23 -9800<br>2.42301580/25.3,24 -64600 |

ജില്ല സാക്ഷരത മിഷന്റെ DLM/TSR/PR -2/24/14.2.24 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 20 പഠിതാക്കളുടെ പത്താം തരം തുല്യത പരീക്ഷ കോഴ്സ് ഫീസിനത്തിൽ 37000 രൂപയും (1850x20) 12 പഠിതാക്കളുടെ +2 തുല്യത പരീക്ഷ കോഴ്സ് ഫീസിനത്തിൽ 27600 രൂപയും (2300x12) ചേർത്ത് 64600 രൂപ ജില്ല സാക്ഷരത മിഷന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ജില്ല സാക്ഷരത മിഷന്റെ കൈപ്പറ്റ് രശീതി, യു.ടി.ആർ. സ്റ്റേറ്റുമെന്റ്, പഠിതാക്കൾ പരീക്ഷ എഴുതിയതിന്റേയും, സർട്ടിഫിക്കറ്റുകൾ ലഭ്യമായതിന്റേയും രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

ഇതേ പദ്ധതിയിൽ ഉൾപ്പെടുത്തി വികസന ഫണ്ടിൽ നിന്നും 9800 രൂപ ശ്രീമതി ഡെയ്സി ജോസഫ് എന്നയാളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. (A/C No.2588001700053106) കൊഴുക്കുള്ളിയിലുള്ള ഹരിത ആക്റ്റിവിറ്റി ഗ്രൂപ്പിന് 4, 7 തുല്യത പഠിതാക്കൾക്ക് ഭക്ഷണ ഇനത്തിൽ നല്കിയ ചെലവിന്റെ രേഖകളാണ്

ഫയലിൽ ഉള്ളത്. യു.ടി.ആർ സ്റ്റേറ്റുമെന്റ് ലഭ്യമാക്കിയിട്ടില്ല.

2. സബ്സിഡി മാർഗ രേഖ സ.ഉ. (കൈ) 115/2022/ത.സ്വ.ഭ.വ തിയതി. 28.05.22 ഖണ്ഡിക 7.4.5 പ്രകാരം സംസ്ഥാന സാക്ഷരത മിഷന്റെ നിർദേശങ്ങൾ പരിഗണിച്ച് തദ്ദേശ ഭരണ സ്ഥാപന തലത്തിലെ 4, 7, 10, +2 ക്ലാസ്സുകളിലേക്കുള്ള തുല്യത പരീക്ഷക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷ ഫീസ്, കോഴ്സ് ഫീസ്, പാഠപുസ്തകങ്ങളുടെ വില, തുടർ സാക്ഷരത പ്രവർത്തനങ്ങൾക്കാവശ്യമായ മറ്റ് ആവശ്യങ്ങൾ എന്നിവക്ക് എല്ലാ തലങ്ങളിലുമുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ് എന്നാണ്.

എന്നാൽ വികസന ഫണ്ടിൽ നിന്നും 9800 രൂപ കൊഴുക്കള്ളിയിലുള്ള ഹരിത ആക്ടിവിറ്റി ഗ്രൂപ്പിന് 4, 7 തുല്യത പഠിതാക്കൾക്ക് ഭക്ഷണ ഇനത്തിൽ നല്കിയത് ക്രമപ്രകാരമല്ല. വികസന ഫണ്ടിൽ നിന്നും തുല്യത പരീക്ഷ പ്രോജക്റ്റിൽ ഉൾപ്പെടുത്തി, ഭക്ഷണം നൽകുന്നതിനുള്ള ഉത്തരവുകൾ ഉണ്ടെങ്കിൽ ലഭ്യമാക്കാൻ അറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/22.11.24) മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ രേഖക്ക വിരുദ്ധമായുള്ള 9800 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 1-22 ചെലവു രേഖകൾ ഹാജരാക്കിയില്ല -15000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥ -ഹെഡ്മിസ്ട്രസ്സ്

| പ്രോജക്ട് | ഫണ്ട് | അടങ്കൽ | ചെലവ് | വൗച്ചർ നം |
|---|---|---|---|---|
| 124/24ആശാരിക്കാട് സ്കൂളിലേക്ക് ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ | മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) | 15000 | 15000 | 42301364 /27.5.23 |

ചെലവു രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/22.11.24) മറുപടി ലഭ്യമാക്കിയില്ല . രേഖകൾ ലഭ്യമാക്കുന്നതു വരെ 15000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 ജാഗ്രത സമിതി കൗൺസിലർക്ക് വികസന ഫണ്ടിൽ നിന്നും ഹോണറേറിയം അനുവദിച്ചതു മാർഗരേഖ വിരുദ്ധം -1,26,204 രൂപ തടസ്സപ്പെടുത്തുന്നു

| പ്രോജക്ട് നമ്പർ | നിർവഹണ ഉദ്യോഗസ്ഥ | ഫണ്ട് | അടങ്കൽ | ചെലവ് | വൗച്ചർ നമ്പർ |
|---|---|---|---|---|---|
| 92/24 ജാഗ്രത സമിതി പ്രവർത്തനങ്ങൾ | അസിസ്റ്റന്റ് സെക്രട്ടറി | വികസന ഫണ്ട് (ജനറൽ) | ₹96204 | ₹96204 | 1.42301559/16.1.24 -16204<br>2.42301543/25.1.24-50000<br>3.42301569/23.3.24-20000<br>4.42301581/25.3.24-10000 |
| 210/24 ജാഗ്രത സമിതി പ്രവർത്തനങ്ങൾ | | | ₹30000 | ₹30000 | 42301346/9.5.23 |

സബ്സിഡി മാർഗ രേഖ സ.ഉ (കൈ) 115/2022/ത.സ്വ.ഭ.വ. തിയതി. 28.05.22 ഖണ്ഡിക 8-6 ശമ്പളം/ ഓണറേറിയം നൽകുന്നതിൽ നിയന്ത്രണം പ്രകാരം, സർക്കാരിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളം/ ഓണറേറിയം നല്കാൻ പാടില്ല എന്നും, എന്നാൽ ഒരു നൂതന പ്രോജക്ട് നടപ്പാക്കുന്നതിന് സാങ്കേതിക വൈദഗ്ധ്യമുള്ളവരുടെ സേവനം അത്യാന്താപേക്ഷിതമാണെങ്കിൽ, ആറ് മാസത്തിൽ കവിയാതെ ഓണറേറിയം വ്യവസ്ഥയിൽ അത്തരം വിഭാഗത്തിൽ പെടുന്നവരെ നിയോഗിക്കാവുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഓണറേറിയം തുകയുടെ നിരക്ക് ഉൾപ്പെടെയുള്ളവയ്ക്ക് നൂതന പ്രോജക്റ്റുകൾക്ക് വേണ്ടിയുള്ള ജില്ല കമ്മിറ്റിയിൽ നിന്ന് അംഗീകാരം വാങ്ങേണ്ടതാണ് എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

എന്നാൽ ഈ മാനദണ്ഡങ്ങൾ പാലിക്കാതെ, ശ്രീമതി സോന.പി.എസ് എന്ന വ്യക്തിയെ കോൺട്രാക്ട് വ്യവസ്ഥയിൽ ജാഗ്രത സമിതി കൗൺസിലറായി തെരഞ്ഞെടുക്കുകയും (ഭരണ സമിതി തീരുമാനം 1(4) )

പ്രതിമാസം 10,000 രൂപ നിരക്കിൽ ഓണറേറിയം നല്കി വരികയും ചെയ്യുന്നുണ്ട്. രണ്ട് പ്രോജക്റ്റുകളിലായി മേൽ വൗച്ചറുകൾ പ്രകാരമുള്ള തുക അനുവദിച്ചിട്ടുണ്ട് (96204 +30000) അവധി ദിനങ്ങൾക്ക് ആനുപാതികമായി തുക കുറവു ചെയ്ത്).

സബ്സിഡി മാർഗ രേഖ സ.ഉ. (കൈ) 115/2022/ത.സ്വ.ഭ.വ. തിയതി. 28.05.22 ഖണ്ഡിക 8-6 ന വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും ജാഗ്രത സമിതി കൗൺസിലർക്ക് വേതനം നല്കിയതിന് ആധാരമായ ഉത്തരവുകൾ, നൂതന പ്രോജക്റ്റുകൾക്ക് വേണ്ടിയുള്ള ജില്ല കമ്മിറ്റിയിൽ നിന്ന് അംഗീകാരം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതും ഹാജരാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/23.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗരേഖ സ.ഉ. (കൈ) 115/2022/ത.സ്വ.ഭ.വ. തിയതി. 28.05.22 ഖണ്ഡിക 8-6 ന വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും ജാഗ്രത സമിതി കൗൺസിലർക്ക് നൽകിയ 1,26,204 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 വനിതകൾക്ക് കറവ പശു വളർത്തൽ – മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/പേര് | വനിതകൾക്ക് കറവ പശു വളർത്തൽ (35/24) |
| നിർവഹണ ഉദ്യോഗസ്ഥ | വെറ്റിനറി സർജൻ |
| അടങ്കൽ | 13,80,000 (വികസന ഫണ്ട് -6,90,000 , മറ്റുള്ളവ-6,90,000 ) |
| ചെലവ് | 6,90,000 (വികസന ഫണ്ട്) |
| വൗച്ചർ നമ്പർ/തീയതി/ തുക | 1.42301423/14.08.23 -₹6,00,000<br>2. 42301500/06.12.23 – ₹90,000 |

പ്രോജക്റ്റിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളും, പ്രവർത്തനങ്ങളുമായി രേഖപ്പെടുത്തിയിരിക്കുന്നത്, വനിതകൾക്ക് തൊഴിൽ നേട്ടത്തിനു വേണ്ടി കറവപശു വിതരണം ചെയ്യുന്ന എന്നതാണ്. പശുവിന്റെ വിലയുടെ 50% പരമാവധി 30,000 രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നു. ഗുണഭോക്താക്കൾക്ക് ലോൺ ലഭ്യമാകുന്ന മുറക്ക് സബ്സിഡി തുക 30,000 രൂപ വ്യക്തിഗത ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. ആയതുപ്രകാരം 23 ഗുണഭോക്താക്കളെ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുകയും, ഗുണഭോക്താക്കൾക്ക് കറവ പശുക്കളെ വിതരണം ചെയ്തതായും ഫയൽ പരിശോധിച്ചതിൽ കാണുന്നു. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഉരുവിന്റെ വിലയുടെ 50%; പരമാവധി 30000 രൂപയാണ് സബ്സിഡിയായി അനുവദിക്കുന്നത്. വായ്പ ബന്ധിത പ്രോജക്റ്റുകളിൽ ഗുണഭോക്താക്കൾക്ക് വായ്പ ലഭ്യമായ രേഖകൾ ഹാജരാകുന്ന മുറക്കാണ് സബ്സിഡി തുക വ്യക്തിഗത ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ടിലേക്ക് കൈമാറുന്നത്. എന്നാൽ 23 ഗുണഭോക്താളുടെ സബ്സിഡി തുക മൊത്തമായും (6,90,000 രൂപ (23x30000) മൂർക്കനിക്കര സർവ്വീസ് സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേക്ക് (A/C. No.14891200100011) കൈമാറിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ച രേഖകൾ ഫയലിൽ ഇല്ല.

2. സബ്സിഡി മാർഗ്ഗരേഖ സ.ഉ. (കൈ) 115/2022/തസ്വഭവ. തിയതി. 28.05.22 ഖണ്ഡിക 6.3 അദ്ധ്യായം 33 ലെ പൊതു നിർദ്ദേശങ്ങൾ പ്രകാരം വികസന കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനായും, വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്നുള്ള 5 പേർ അംഗങ്ങളായിട്ടുള്ള പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഉരുക്കളെ വാങ്ങേണ്ടത്. പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനങ്ങൾ ഫയലിൽ ലഭ്യമല്ല.

3. ഉരുക്കളുടെ പ്രായം, ഗുണനിലവാരം എന്നിവ പഞ്ചായത്തിലെ നിർവഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മറിച്ച് വില്പന നടത്തിയ ആൾ ഉൾപ്പെടുന്ന പഞ്ചായത്തിലെ വെറ്ററിനറി സർജനാണ് ഉരുക്കളുടെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

4. ആരുടെ പക്കൽ നിന്നാണോ ഗുണഭോക്താക്കൾ ഉരുക്കളെ വാങ്ങുന്നത് അവരുടെ അക്കൗണ്ടിലേക്കാണ് തുക കൈമാറുന്നത് എന്നാണ് പ്രോജക്റ്റിൽ ചേർത്തിരിക്കുന്നത് എങ്കിലും ആയതിന് വിഭിന്നമായി മൂർക്കനിക്കര സർവ്വീസ് സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേക്കാണ് തുക കൈമാറിയിട്ടുള്ളത്.

5. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് (മൃഗ സംരക്ഷണവും ക്ഷീര വികസനവും) ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, ഗുണഭോക്താക്കളുടെ ലോൺ പാസ്ബുക്കുകളുടെ പകർപ്പ് / മൂർക്കനിക്കര സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ വ്യക്തിഗത ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ട് വിവരങ്ങൾ എന്നിവ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 9/21.11.24 നൽകിതിന് താഴെ പറയുന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

1. മൂർക്കനിക്കര സർവ്വീസ് സഹകരണ ബാങ്ക് 23 ഗുണഭോക്താക്കൾക്കും ലോൺ അനുവദിയ്ക്കാം എന്ന കത്തിന്റെ മേലാണ് ബാങ്കിലേക്ക് സബ്സിഡി അനുവദിച്ചിട്ടുള്ളത്.
2. പർച്ചേസിങ്ങ് കമ്മിറ്റിയുടെ തീരുമാനം ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്.
3.ഉരുക്കളുടെ പ്രായം, ഗുണനിലവാരം എന്നിവ പഞ്ചായത്തിലെ നിർവഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെട്ടുത്തിയതിനാലാണ് ഇൻഷുറൻസ് ലഭ്യമായിട്ടുള്ളത്.
4. ഗുണഭോക്താക്കൾ ഉരുക്കളെ വാങ്ങുന്നവരുടെ അക്കൗണ്ടിലേക്കാണ് മൂർക്കനിക്കര സർവ്വീസ് സഹകരണ ബാങ്ക് തുക കൈമാറി യിട്ടുള്ളത്.
5.മോണിറ്ററിങ്ങ് സമിതി റിപ്പോർട്ട് ലഭ്യമാക്കുന്നതാണ്.

സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) 115/2022/തസ്വഭവ തി. 28.05.22 പ്രകാരം ക്ഷീരസഹകരണസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന കറവപശുക്കൾക്കാണ് വായ്പ പലിശ ഇനത്തിൽ സബ്സിഡി നൽകുന്നത്. എന്നാൽ ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത് നിർവ്വഹണോദ്യോഗസ്ഥൻ നേരിട്ടാണ്. മൂർക്കനിക്കര സർവ്വീസ് സഹകരണ ബാങ്ക് 23 ഗുണഭോക്താക്കൾക്കും ലോൺ അനുവദിയ്ക്കാം എന്ന കത്തിന്റെ മേലാണ് ബാങ്കിലേക്ക് സബ്സിഡി അനുവദിച്ചിട്ടുള്ളതെന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ഈ കത്ത് ഫയലിൽ ലഭ്യമല്ല. ഉരുക്കളുടെ പ്രായം, ഗുണനിലവാരം എന്നിവ പഞ്ചായത്തിലെ നിർവഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെട്ടുത്തിയതിനാലാണ് ഇൻഷുറൻസ് ലഭ്യമായിട്ടുള്ളതെന്നാണ് മറുപടി നൽകിയിട്ടുള്ളത്. ആയതിനാൽ ബാങ്കിന് നൽകിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്താക്കൾ ഉരുക്കളെ വാങ്ങുന്നവരുടെ അക്കൗണ്ടിലേക്കാണ് മൂർക്കനിക്കര സർവ്വീസ് സഹകരണ ബാങ്ക് തുക കൈമാറിയിട്ടുള്ളതെന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ഗുണഭോക്താക്കളുടെ പേരും, വിൽക്കുന്ന ആളുടെ പേരും, ബാങ്ക് അക്കൗണ്ടും ഉള്ള പേന കൊണ്ട് എഴുതിയ സർവ്വീസ് സഹകരണ ബാങ്കിന്റെ രേഖ അല്ലാതെ വിൽക്കുന്ന ആളുടെ ബാങ്ക് അക്കൗണ്ടിലേക്ക് പണം കൈമാറിയ കമ്പ്യൂട്ടറിൽ നിന്നുള്ള പ്രിന്റുകളോ മറ്റ് രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സുലേഖ പത്രിക പ്രകാരം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ എന്ന ഇനത്തിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. മോണിറ്ററിങ്ങ് സമിതി റിപ്പോർട്ടില്ല. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) 115/2022/തസ്വഭവ തിയതി. 28.05.22 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാതെ നടപ്പാക്കിയ പദ്ധതിയുടെ വികസന ഫണ്ടിൽനിന്നും ചെലവു വന്ന 6,90,000രൂപ തടസ്സപ്പെടുത്തുന്നു.

## 1-25 ടെണ്ടർ സ്പെസിഫിക്കേഷന് വിരുദ്ധമായി ഫർണിച്ചറുകൾ ലഭ്യമാക്കി

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/പേര് | ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണം (239/24) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 7,00,000/-(തനതുഫണ്ട്) |
| ചെലവ് | 4,88,941/-(തനതുഫണ്ട്) |

| | |
|---|---|
| വൗച്ചർ നമ്പർ/ തീയതി/ തുക | 42300631 തി.28.10.23 തുക – 4,88,941 രൂപ |

മേൽപ്പറഞ്ഞ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണത്തിനായി ഫർണിച്ചറുകളും മറ്റും വാങ്ങുന്നതിനായി ലിമിറ്റഡ് ടെണ്ടർ ക്ഷണിക്കുകയും (നോട്ടീസ് നം.SC2-52450/22 തി.17.08.22) ടെണ്ടറിൽ പങ്കെടുത്ത രണ്ട് വിതരണക്കാരിൽ നിന്നും (KADCO,ARTCO) KADCO യെ കമ്മിറ്റി തീരുമാനം 1(4) തി.3.11.22 പ്രകാരം തെരെഞ്ഞെടുക്കുകയും ചെയ്തു. സപ്ലൈ ഓർഡർ നം.02/2022-236 തി.28.11.22 പ്രകാരം ഗ്രാമപഞ്ചായത്ത് KADCO യ്ക്ക് സപ്ലൈ ഓർഡർ നൽകി. Variations In The Quality And Quantity Will Not Be Accepted എന്ന് സപ്ലൈ ഓർഡറിൽ വ്യക്തമാക്കിയിട്ടുണ്ട്. KADCO ഇൻവോയ്സ് നം.NRO/2023-24/111 തി.22/07/23 തുക 31,610, നം.NRO/2023-24/110 തി.22/07/23 തുക-338818, നം.NRO/2023-24/111 തി.22/07/23 തുക-196205 എന്നിവ പ്രകാരം ഫർണിച്ചറുകളും മറ്റും വിതരണം ചെയ്തു.

**ടെണ്ടർ പ്രകാരവും ബിൽ പ്രകാരവുമുള്ള സാധന സാമഗ്രികളുടേയും,വിതരണം ചെയ്ത സാധന സാമഗ്രികളുടെയും താരതമ്യ പട്ടിക**

| ക്രമ. നം. | ടെണ്ടർ പ്രകാരവും & ബിൽ പ്രകാരവും സാധന സാമഗ്രികൾ | തുക | വിതരണം ചെയ്ത സാധന സാമഗ്രികൾ | നൽകിയ തുക |
|---|---|---|---|---|
| 1 | Executive Table 18MM MDF,15MM MDF Including Drawer And Computer Keyboard Tray And Cup Board 5x(1.2x0.95) | 89,610 | Executive Table 18MM MDF,15MM MDF Including Drawer And Computer Keyboard Tray And Cup Board 4x(1.2x0.6) | 45,273 |
| 2 | Executive Table 18MM MDF,15MM MDF(2.4x0.95) | 39,922 | Executive Table 18MM MDF,15MM MDF(1.8x6&.9x.45) | 25,987 |
| 3 | Office Walk Rack With Door By Using 18mm Both Side Prelaminated MDF(8.68x0.95) | 89,922 | Office Walk Rack With Door By Using 18mm Both Side Prelaminated MDF(4.77x.75&2.60x.75&2.15x.80&2.35x.80)) | 89,922 |
| 4 | Office Partition Wall With Door By Using Good Quality 18mm MDF(1x5x2) | 99,442 | Office Partition Wall With Door By Using Good Quality 18mm MDF(1x6.6x2.4) | 99,442 |
| 5 | Office Walk Rack Plywood | 149,442 | Office Walk Rack Plywood 18mm Plywood | 149,340.22 |

| | | | | |
|---|---|---|---|---|
| | 18mm Plywood<br>15MM Mica<br>Inside(7.14x2.1) | | 15MM Mica<br>Inside(7.14x2.1) | |
| 6 | 2 Executive<br>Table 8MM<br>MDF,15MM MDF<br>Including<br>Drawer<br>And Cup Board<br>2x (1.5x.75x0.9) | 59,844 | 2 Executive Table 8MM<br>MDF,15MM MDF Including<br>Drawer<br>And Cup Board<br>(1.5x.75x0.6) | 47,367 |
| 7 | 2 Executive<br>Chairs Highback<br>Revolving<br>Cushion Seat<br>And<br>Back With<br>Hydraulic Lift | 16,844 | 2 Executive Chairs<br>Highback Revolving<br>Cushion Seat And<br>Back With Hydraulic<br>Lift | 16,844 |
| 8 | 3 Computer<br>Chairs Highback<br>Revolving<br>Cushion Seat<br>And Back With<br>Hydraulic Lift | 14,766 | 3 Computer Chairs<br>Highback Revolving<br>Cushion Seat And Back<br>With Hydraulic Lift | 14,766 |

മേൽപ്പറഞ്ഞ പട്ടിക പ്രകാരം ടെണ്ടറിൽ പറഞ്ഞിട്ടുള്ള അളവുകളിൽ നിന്നും വ്യത്യാസമായാണ് ക്രമ നം.1,2,6 ലെ സാധന സാമഗ്രികൾ വിതരണം ചെയ്തിട്ടുള്ളത്. അളവുകളിൽ കുറവുള്ള ഫർണീച്ചറുകളുടെ വില സെക്രട്ടറി കണക്കാക്കിയാണ് (ക്രമ നം4) വിതരണക്കാരന് (KADCO)യ്ക്ക് നൽകിയിട്ടുള്ളത്. താഴെ പറയുന്നവയ്ക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 23/23.11.24 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1. Variations In The Quality And Quantity Will Not Be Accepted എന്ന് സപ്ലൈ ഓർഡറിൽ വ്യക്തമാക്കിയിട്ടും അളവുകളിൽ വ്യത്യാസമുള്ള ഫർണീച്ചറുകൾ വിതരണം ചെയ്തത് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതിലെ സാംഗത്യം വ്യക്തമല്ല.
2. അളവുകളിൽ കുറവുള്ള ഫർണീച്ചറുകളുടെ വില സെക്രട്ടറി കണക്കാക്കി വിതരണക്കാരന് (KADCO) നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
3. അളവുകളിൽ കുറവുള്ള ഫർണീച്ചറുകൾ സ്വീകരിച്ചതുമായി ബന്ധപ്പെട്ട് പർച്ചേസിങ്ങ് കമ്മിറ്റി എടുത്ത തീരുമാനം, ഫർണീച്ചറുകളുടെ ഗുണ നിലവാരം സംബന്ധിച്ച തീരുമാനം എന്നിവ ലഭ്യമാക്കേണ്ടതാണ്.
4. പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

സ്റ്റോർ പർച്ചേസ് മാനവൽ 2013 പ്രകാരം (ഖണ്ഡിക 10.35 മുതൽ 10.38 വരെ) ടെണ്ടർ എഗ്രിമെന്റിന് വിരുദ്ധമായ അളവുകളിൽ സാധന സാമഗ്രികൾ വിതരണം ചെയ്തപ്പോൾ ആയത് നിരാകരിക്കുകയാണ് ഗ്രാമപഞ്ചായത്ത് ചെയ്യേണ്ടിയിരുന്നത്. പകരം അളവുകളിൽ കുറവുള്ള ഫർണീച്ചറുകൾ സ്വീകരിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്. അളവുകളിൽ കുറവുള്ള ഫർണീച്ചറുകളുടെ വില സെക്രട്ടറി കണക്കാക്കി വിതരണക്കാരന് (KADCO) നൽകിയതിന് വിശദീകരണം ലഭ്യമാക്കിയില്ല. അളവുകളിൽ കുറവുള്ള ഫർണീച്ചറുകൾ സ്വീകരിച്ചതുമായി ബന്ധപ്പെട്ട് പർച്ചേസിങ്ങ് കമ്മിറ്റി എടുത്ത തീരുമാനം, ഫർണീച്ചറുകളുടെ ഗുണ നിലവാരം സംബന്ധിച്ച പർച്ചേസിങ്ങ് കമ്മിറ്റി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പദ്ധതിയുമായി ബന്ധപ്പെട്ട് മോണിറ്ററിങ്ങ് സമിതി റിപ്പോർട്ടില്ല. മതിയായ രേഖകളുടെ അഭാവത്തിലും, ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തതിനാലും പദ്ധതിയുടെ ചെലവ് തുക 4,88,941 രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 കുറഞ്ഞ ടെണ്ടർ രേഖപ്പെടുത്തിയ പൊതുമേഖല സ്ഥാപനത്തിന്റെ LED Set ഗുണനിലവാരമില്ലായെന്ന് രേഖപ്പെടുത്തി ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കി

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/പേര് | പുതിയ തെരുവു വിളക്ക് വാങ്ങി സ്ഥാപിക്കൽ (17/24) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 3,00,000 (തനതുഫണ്ട്) |
| ചെലവ് | 3,00,000 (തനതുഫണ്ട്) |
| വൗച്ചർ നമ്പർ/ തീയതി/തുക | 42300847/21.12.23 – ₹3,00,000 |

മേൽപ്പറഞ്ഞ പദ്ധതി പ്രകാരം പുതിയ LED സെറ്റുകൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും (നോട്ടീസ് നം. SC2-8554/22-17 തിയതി 14.06.23) ടെണ്ടറിൽ പങ്കെടുത്ത മൂന്ന് വിതരണക്കാരിൽ നിന്നും (KSIE Ltd, Circuit Technology (Perinjanam), ANAND D Thazhatha (ചേറ്റുപുഴ)) കുറവ് നിരക്ക് (988 രൂപ) ക്വോട്ട് ചെയ്ത Kerala State Industrial Enterprises, പാലക്കാട് എന്ന സ്ഥാപനത്തെ തെരെഞ്ഞടുക്കുകയും ചെയ്തു. കത്ത് നം. SC2-8554/22-17 തി.05.07.23 പ്രകാരം LED സെറ്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് Kerala State Industrial Enterprises നോട് ആവശ്യപ്പെട്ടു. പിന്നീട് ഭരണസമിതി തീരുമാനം 1(3) തി.22.07.23 പ്രകാരം Kerala State Industrial Enterprises എന്ന പൊതു മേഖല സ്ഥാപനം ഹാജരാക്കിയ LED സെറ്റിന്റെ സാമ്പിൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സെറ്റിന്റെ ബൾബിന്റെ ഡോമിന്റെ മുകൾഭാഗം ഇരുമ്പ് ഷീറ്റായതിനാലും ടെണ്ടർ നോട്ടീസിലെ സ്പെസിഫിക്കേഷനിൽ ടി ഭാഗം തുരുമ്പ് എടുക്കാത്ത കൂടുതൽ ഈടു നിൽക്കുന്നത് അലുമിനിയം ഷീറ്റ് ആണെന്നതിനാലും ടെണ്ടർ നോട്ടീസിൽ രേഖപ്പെടുത്തിയ സ്പെസിഫിക്കേഷൻ പ്രകാരമുള്ള LED സെറ്റുകൾ ഹാജരാക്കാൻ KSIE Ltd നോട് ആവശ്യപ്പെടുന്നതിനും അപ്രകാരം പുതിയ സെറ്റ് ഹാജരാക്കിയ ശേഷം അത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.ആയതുപ്രകാരം ഗ്രാമപഞ്ചായത്ത് കത്ത് നം.SC2-8554/22-17 തി.29.07.23 പ്രകാരം ടെണ്ടർ നോട്ടീസിൽ രേഖപ്പെടുത്തിയ സ്പെസിഫിക്കേഷൻ പ്രകാരമുള്ള LED സെറ്റുകൾ 7 ദിവസത്തിനകം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു. പിന്നീട് ഗ്രാമപഞ്ചായത്ത് SC2-8554/22-17 തി.17.08.23 പ്രകാരവും ടെണ്ടർ നോട്ടീസിൽ രേഖപ്പെടുത്തിയ സ്പെസിഫിക്കേഷൻ പ്രകാരമുള്ള LED സെറ്റുകൾ 3 ദിവസത്തിനകം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും അല്ലാത്തപക്ഷം അടുത്ത കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ പരിഗണിക്കുമെന്നും Kerala State Industrial Enterprises നെ അറിയിച്ചു.പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ 23.08.23 ലെ തീരുമാനം1 പ്രകാരം ടെണ്ടർ നോട്ടീസിൽ രേഖപ്പെടുത്തിയ സ്പെസിഫിക്കേഷനുള്ള LED സെറ്റുകൾ KSIE Ltd ന് ക്വോട്ട് ചെയ്ത നിരക്കിൽ വിതരണം ചെയ്യാൻ കഴിയില്ലെന്നും അലുമിനിയം ഡോമോട്ടുകൂടിയ LED സെറ്റുകൾ KSIE Ltd കൈവശം ഇല്ലെന്നും KSIE Ltd ന്റെ പ്രതിനിധി അറിയിച്ചതായും ഗ്രാമപഞ്ചായത്ത് ടെണ്ടറിൽ ക്ഷണിച്ചത് ഉയർന്ന ഗുണനിലവാരമുള്ള LED സെറ്റ് ആയതിനാൽ KSIE Ltd ഹാജരാക്കിയ LED സെറ്റുകൾ മോശവും ടെണ്ടർ നോട്ടീസിൽ രേഖപ്പെടുത്തിയ സ്പെസിഫിക്കേഷൻ അല്ലാത്തതിനാലും അത്തരത്തിലുള്ള LED സെറ്റുകൾ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക ബാധ്യത സൃഷ്ടിക്കുമെന്നതിനാലും അത്തരത്തിലുള്ള LED സെറ്റുകൾ വാങ്ങാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാത്തതിനാലും ടെണ്ടറിൽ അടുത്ത കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ Circuit Technology(perinjanam) 1690/- രൂപ നിരക്കുള്ള ടെണ്ടർ പരിഗണിച്ച് സ്ഥാപനം പരിശോധനയ്ക്ക് സമർപ്പിച്ച LED സെറ്റുകൾ ടെണ്ടർ നോട്ടീസിൽ രേഖപ്പെടുത്തിയ സ്പെസിഫിക്കേഷൻ പാലിക്കുന്നുണ്ടെന്നും ഉയർന്ന ഗുണനിലവാരമുള്ളതാണെന്നും അപ്രകാരം Circuit Technology(perinjanam) ടെണ്ടർ പരിഗണിക്കുവാനും ടെണ്ടർ നിരക്കിൽ ടി സ്ഥാപനവുമായി നെഗോസിയേഷൻ നടത്തുവാനും ഭരണസമിതിയോട് ശുപാർശ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.ആയതുപ്രകാരം ഭരണസമിതി തീരുമാനം 1(2) തി. 25.08.23 പ്രകാരം KSIE Ltd, പാലക്കാട് ടെണ്ടർ തള്ളുകയും , നെഗോസിയേഷൻ നടത്തിയെങ്കിലും( 30W LED സെറ്റ് രണ്ട് വർഷം പൂർണ്ണ വാറണ്ടിയോടുകൂടി)ടെണ്ടർ നിരക്കായ 1690/- രൂപയ്ക്ക് തന്നെ അംഗീകരിച്ച് തീരുമാനിച്ചു.Circuit Technology(perinjanam)യുമായി 12.10.23 -ൽ എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തു.178 എണ്ണം LED Set Circuit Technology വിതരണം നടത്തുകയും ചെയ്തു. Circuit Technology വിതരണം ചെയ്ത LED സെറ്റുകളുടെ ഇനം തിരിച്ചുള്ള സ്പെസിഫിക്കേഷൻ ടെണ്ടറിലോ,



കരാറിലോ രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ പോസ്റ്റുകളിൽ ഫിറ്റ് ചെയ്ത LED Set ചിത്രം ഇടതുഭാഗത്ത് കാണുന്നു. Poly Cab-ന്റെ LED Set ആണെന്നാണ് പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സുകളിൽ നിന്നും ബോധ്യപ്പെടുന്നത്. ചിത്രത്തിൽ കാണുന്ന LED Set Poly Cab ഉദ്പാദിപ്പിക്കുന്നില്ലായെന്നാണ് കമ്പനിയുടെ വെബ്സൈറ്റിൽ നിന്നും ബോധ്യപ്പെടുന്നത്. ചിത്രത്തിൽ കാണുന്ന ബോക്സിൽ Poly Cab ന്റെ 30W LED BULB വച്ചിട്ടുള്ളതായാണ് ഓഡിറ്റിന് ബോധ്യപ്പെടുന്നത്. ബോക്സിൽ വച്ചിരിക്കുന്ന 30W LED BULB ന്റെ തരം (ഉദാഹരണം :30W LED BULB B22,30W LED BULB Aelius JUMBO) ടെണ്ടറിലോ, കരാറിലോ രേഖപ്പെടുത്തിയിട്ടില്ല. ചിത്രത്തിൽ കാണുന്ന (വിതരണം ചെയ്ത) LED Set ന്റെ വില (1690 രൂപ) ലോക്കൽ മാർക്കറ്റിൽ നിന്നും ലഭിക്കുന്ന വിലയെക്കാൾ കൂടുതലാണോയെന്ന് പർച്ചേസിങ്ങ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.

പൊതുമേഖല സ്ഥാപനമായ KSIE Ltd ഒഴിവാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്നവയ്ക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 25/23.11.24 നൽകി.

1. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത പൊതുമേഖല സ്ഥാപനത്തിന്( KSIE Ltd,പാലക്കാട്) അലുമിനിയം ഡോമോടുകൂടിയ കൂടിയ LED സെറ്റുകൾ ക്വോട്ട് ചെയ്ത നിരക്കിൽ വിതരണം ചെയ്യാൻ കഴിയില്ലെന്നും അലുമിനിയം ഡോമോടുകൂടിയ LED സെറ്റുകൾ KSIE Ltd ന്റെ കൈവശം ഇല്ലെന്നും KSIE Ltd ന്റെ പ്രതിനിധി അറിയിച്ചതായി പ്രോക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ പറയുന്നു. എന്നാൽ KSIE Ltd ഗ്രാമപഞ്ചായത്തുമായി നടത്തിയ കത്തിടപ്പാടുകളോ മറ്റ് രേഖകളോ ഫയലിൽ ലഭ്യമല്ല. ആയതുണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. പ്രോക്യൂർമെന്റ് കമ്മിറ്റിയിൽ മിനിറ്റ്സിൽ KSIE Ltd LED സെറ്റുകൾ ഗുണനിലവാരമില്ലായെന്നും, ബൾബിന്റെ ഡോമിന്റെ മുകൾഭാഗം ഇരുമ്പ് ഷീറ്റായതിനാൽ തുരുമ്പ് എടുത്ത് പോകുമെന്നും കൂടുതൽ ഈടു നിൽക്കുന്ന അലുമിനിയം ഷീറ്റ് ആണെന്നതിനാലുമാണ് Circuit Technology (Perinjanam) യുടെ ടെണ്ടർ പരിഗണിച്ചിട്ടുള്ളത്. ആയതിനാൽ ഏതെങ്കിലും ടെക്നിക്കൽ കമ്മിറ്റിയുടെയോ അല്ലെങ്കിൽ ടെക്നിക്കൽ വിദഗ്ദൻമാരുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണോ KSIE Ltd LED സെറ്റുകൾ ഗുണനിലവാരമില്ലായെന്ന് തീരുമാനിച്ചിട്ടുള്ളത്. അത്തരത്തിലുള്ള ശുപാർശയുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
3. Circuit Technology (Perinjanam) എന്ന സ്ഥാപനത്തിനോട് LED സെറ്റുകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ നിർദ്ദേശിച്ചിട്ടുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ ഓഡിറ്റ് അന്വേഷണത്തിന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയില്ല. KSIE Ltd ഗ്രാമപഞ്ചായത്തുമായി നടത്തിയ കത്തിടപ്പാടുകളോ മറ്റ് രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പ്രോക്യൂർമെന്റ് കമ്മിറ്റിയ്ക്ക് മുമ്പാകെ KSIE ലിമിറ്റഡ് പരിശോധനയ്ക്ക് ഹാജരാക്കിയ LED സെറ്റുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഏതെങ്കിലും ടെക്നിക്കൽ കമ്മിറ്റിയുടെയോ അല്ലെങ്കിൽ ടെക്നിക്കൽ വിദഗ്ദൻമാരുടെ ശുപാർശ സ്വീകരിച്ചിട്ടില്ല. ടെണ്ടർ നൽകിയിട്ടുള്ളത് രണ്ടാമത്തെ കുറവ് തുക ക്വോട്ട് ചെയ്ത Circuit Technology- യ്ക്കാണ് (ഗ്രാമപഞ്ചായത്തിന്റെ ഇലക്ട്രിക്കൽ വർക്കുകൾ ഏറ്റെടുത്ത് നടത്തുന്ന സ്ഥാപനമാണിത്). ഗ്രാമപഞ്ചായത്ത് ഈ സ്ഥാപനവുമായി ടെണ്ടർ നിരക്കിൽ കുറവിനായി നെഗോഷ്യേറ്റ് ചെയ്തെങ്കിലും നിരക്കിൽ (1690 രൂപ/ 1 LED Set) യാതൊരു കുറവും കൂടാതെ ടെണ്ടർ ഉറപ്പിക്കുകയാണ് ചെയ്തത്. രണ്ട് ടെണ്ടർ നിരക്കുകൾ തമ്മിൽ 702 രൂപയുടെ (1690-988) വ്യത്യാസമുണ്ട്. അതായത് 178 LED Set ന് 1,24,956 രൂപയുടെ (178x702) വ്യത്യാസം. രണ്ട് ടെണ്ടർ നിരക്കുകൾ തമ്മിൽ ഇത്രയും തുകയുടെ വ്യത്യാസം ഉണ്ടായിട്ടും റീ ടെൻഡർ നടപടികൾ സ്വീകരിച്ചില്ല. സർക്കാർ ഉത്തരവ് നമ്പർ സ.ഉ (പി) നം.04/21/SPD തി.31.03.21 പ്രകാരം ടെണ്ടർ നടപടികളിൽ പൊതുമേഖല സ്ഥാപനങ്ങൾക്ക് പ്രൈസ് പ്രിഫറൻസ് നൽകേണ്ടതാണ്. അതായത് ഒരു പൊതുമേഖല സ്ഥാപനം ക്വോട്ട് ചെയ്യുന്ന നിരക്ക് L1 ബിഡിന്റെ 15% പരിധിക്കുള്ളിൽ വന്നാൽ മൊത്തം ഓർഡറിന്റെ 50% പൊതുമേഖല സ്ഥാപനത്തിന് നൽകണമെന്നാണ് സ്റ്റോർ

പർച്ചേസ് മാനുവലിലെ നിബന്ധന. എന്നാൽ ഈ ഉത്തരവ്വ പോലും പാലിക്കാതെ പൊതുമേഖല സ്ഥാപനത്തിന്റെ LED Set ഗുണനിലവാരമില്ലായെന്ന് പറഞ്ഞ് സ്ഥാപനത്തെ ടെണ്ടർ നടപടികളിൽ നിന്നും പൂർണ്ണമായി ഒഴിവാക്കുകയാണ് ചെയ്യുത്. KSIE Ltd ഗ്രാമപഞ്ചായത്തുമായി നടത്തിയ കത്തിടപ്പാടുകളോ മറ്റ് രേഖകളോ ഇല്ലാതെ, പ്രോക്യൂർമെന്റ് കമ്മിറ്റിയ്ക്ക് മുമ്പാകെ KSIE ലിമിറ്റഡ് പരിശോധനയ്ക്ക് ഹാജരാക്കിയ LED സെറ്റുകളുടെ ഗുണനിലവാരം ഏതെങ്കിലും ടെക്നിക്കൽ കമ്മിറ്റിയുടെയോ അല്ലെങ്കിൽ ടെക്നിക്കൽ വിദഗ്ദൻമാരുടെ ശുപാർശ സ്വീകരിക്കാതെ KSIE ലിമിറ്റഡിനെ ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കിയത് സ്റ്റോർ പർച്ചേസ് മാനുവലിലെ നിബന്ധനകളുടെ ലംഘനമാണ്. ആയതിനാൽ ഇത്തരം നടപടികൾ വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ഡെപ്പോസിറ്റ് പ്രവൃത്തി -പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പ്രോജക്റ്റുകൾക്കായി KSEBക്ക് തുക മുൻകൂർ കൈമാറിയതിൽ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ലാത്ത പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | ഫണ്ട്/ അടങ്കൽ | ചെലവ് | വൗചർ നം,തുക | തുക കൈമാറിയ വിവരം |
|---|---|---|---|---|
| 236/24 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 700000 തനതു ഫണ്ട് 200000 ബ്ലോക്ക് വിഹിതം 500000 | 697038 1. തനതു ഫണ്ട് 197308 2. ബ്ലോക്ക് വിഹിതം 500000 | 1)42301718/31.3.24 500000 2)42301719/31.3.24 197038 | അസിസ്റ്റന്റ് എഞ്ചിനീയർ, KSEB നടത്തറ സെക്ഷൻ |
| 200/24 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (സ്പിൽ ഓവർ) | 292050 1.258480 വികസന ഫണ്ട് (ജനറൽ) 233570 തനതു ഫണ്ട് | വികസന ഫണ്ട്(ജനറൽ) 258480 | 42301370/6.6.23/ 200000 42301377/6.6.23/ 58480 | അസിസ്റ്റന്റ് എഞ്ചിനീയർ, KSEB നടത്തറ സെക്ഷൻ |

പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-28 ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾ-അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ്, 1-ാം ഉപവകുപ്പ്, 3-ാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്കരണം. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് ശേഖരിക്കുന്നതിനും പരിസ്ഥിതിയ്ക്ക് ഹാനികരമല്ലാത്ത രീതിയിൽ പരിപാലിക്കുന്നതിനുമായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020ലെ ജി.ഒ. (ആർ.ടി.) നം.1496/2020 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ഹരിതകർമ്മസേനകൾ രൂപീകരിച്ചിട്ടുണ്ട്. നടത്തറ ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനപുരോഗതി സംബന്ധിച്ച നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

**1.അടിസ്ഥാന വിവരങ്ങൾ**

| | |
|---|---|
| ജനസംഖ്യ | 31352 |

| | |
|---|---|
| വാർഡുകളുടെ എണ്ണം | 17 |
| ആകെ ആൾതാമസമുള്ള വീടുകളുടെ എണ്ണം | 9323 |
| സ്ഥാപനങ്ങളുടെ എണ്ണം | 563 |
| ഹരിത കർമ്മസേനയിലെ അംഗങ്ങളുടെ എണ്ണം | 30 |

**2. മാലിന്യ ശേഖരണ കാര്യക്ഷമത**

മാലിന്യ ശേഖരണത്തിനായി കലണ്ടർ/ഷെഡ്യൂൾ തയ്യാറാക്കി അതു പ്രകാരം മാലിന്യ ശേഖരണം നടത്തുന്നുണ്ട്. ജി.ഒ. (സാധാ) നം. 1068/2023/തസ്വഭവ തി. 20.05.2023 പ്രകാരം 100% വാതിൽപ്പടി ശേഖരണം ഉറപ്പാക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. യൂസർ ഫീ നല്കുന്നതിന് ജനങ്ങൾ വിമുഖത കാണിക്കുന്നതിനാൽ ലക്ഷ്യ പ്രാപ്തിക്കായി ബോധവത്കരണം, നിയമ നടപടികൾ എന്നിവ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള എല്ലാ സേവനങ്ങൾക്കും ഹരിതകർമ്മ സേനാ യൂസർഫീ നിർബന്ധമാക്കിയിട്ടുണ്ട്.

**3. മാലിന്യ വേർത്തിരിവ് പാലിക്കൽ**

മാലിന്യം ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ 60000 കി.ഗ്രാം മാലിന്യം വാതിൽപ്പടി ശേഖരണത്തിലൂടെ ശേഖരിച്ചിട്ടുണ്ട്. 36,000 കി ഗ്രാം മാലിന്യം വേർതിരിച്ച് കൈമാറിയിട്ടുണ്ട്.

**4. റീ സൈക്ലിംഗ്**

പഞ്ചായത്തിൽ നടത്തിയ ബോധവത്കരണ ക്ലാസുകളിലൂടെ പുനരുപയോഗസാദ്ധ്യമായ വസ്തുക്കൾ ഉപയോഗിക്കുന്നതിന് ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. സ്ഥാപനങ്ങളിൽ സ്റ്റീൽ പാത്രങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുന്നുണ്ട്.ബയോബിൻ വിതരണം ചെയ്തിട്ടുണ്ട്.

**5. കമ്മ്യൂണിറ്റി എൻഗേജ്മെന്റ്**

2023-24 വർഷത്തിൽ മാലിന്യ സംസ്കരണ രീതികളെ പറ്റി പൊതുജനങ്ങളെ ബോധവൽകരിക്കുന്നതിനായി 40 ക്യാമ്പയിനുകൾ/ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ബോധവൽകരണത്തിനായി വിവിധ ഗ്രാമസഭകളിൽ ക്ളാസ്സുകൾ സംഘടിപ്പിച്ചു.

**6. തൊഴിൽ സൃഷ്ടിക്കൽ**

2023-24 വർഷം 7200 തൊഴിൽ ദിനങ്ങൾ ഹരിത കർമ്മ സേനാംഗങ്ങൾക്കായി നൽകുകയും 27,95,188 രൂപ വേതനമിനത്തിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിമാസം ശരാശരി 10000 രൂപയെങ്കിലും വരുമാനം സേനാംഗങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കാനായിട്ടുണ്ട്. യൂസർ ഫീ നല്കാത്തവരിൽ നിന്നും കുടിശ്ശിക തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സേനാംഗങ്ങളുടെ വരുമാന വർദ്ധനവിനായി മറ്റു പ്രവർത്തനങ്ങളൊന്നും ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടില്ല.

**7. അടിസ്ഥാന സൗകര്യ വികസനം**

